JAGRATHA 085

Vol-3, N0:11
25-02- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. നിയമപരിഷ്ക്കരണ സമിതി റിപ്പോർട്ട് സ്വീകാര്യമല്ല : മാർ വിതയത്തിൽ

02. മാധ്യമങ്ങൾ ശബ്ദമില്ലാത്തവരുടെ ശബ്ദമാകണം : ആർച്ച് ബിഷപ് ഡോ.അച്ചാരുപറമ്പിൽ

03. ക്രിസ്തുവിലൂടെയുള്ള വീക്ഷണത്തിൽ എക്യുമെനിക്കൽ ദർശനം പൂർണമാകും: കാതോലിക്കാ ബാവ

04. പി.ഒ.സിയുടെ സേവനങ്ങൾ മഹത്തരം : ബിഷപ് ഡോ. ചേനപ്പറമ്പിൽ

05. മനുഷ്യരുടെ വേദന തൊട്ടറിഞ്ഞ സമൂഹം എം.എസ്.ടി : മാർ കല്ലറങ്ങാട്ട്

06. അർപ്പണബോധവും കഠിനാധ്വാനവും യുവതലമുറയെ ഉയരങ്ങളിലെത്തിക്കും : മാർ മനത്തോടത്ത്

07. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മനുഷ്യത്വവും സംസ്കാരവും വളർത്തണം : ഡോ. ദിവന്നാസിയോസ്

08. സ്നേഹം പകർന്നു നല്കൽ ക്രൈസ്തവ സമൂഹത്തിന്റെ ലക്ഷ്യം : ഡോ. വർഗീസ് ചക്കാലക്കൽ

### 01. നിയമപരിഷ്ക്കരണ സമിതി റിപ്പോർട്ട് സ്വീകാര്യമല്ല : മാർ വർക്കി വിതയത്തിൽ (22-2-2009)

നിയമപരിഷ്ക്കരണ സമിതി റിപ്പോർട്ട് കത്തോലിക്കാ സഭയ്ക്ക് സ്വീകാര്യമല്ലെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. സീറോ മലബാർ സഭയുടെ ഗവേഷണ പഠനവിഭാഗമായ റിസർച്ച് സെന്ററും വിവാഹകോടതിയും അല്മായ കമ്മീഷനും സംയുക്തമായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുമ്പോൾ അത് പൊതു നന്മയേയും വ്യക്തികളുടേയും സമൂഹങ്ങളുടേയും സ്വാതന്ത്ര്യത്തെയും ഹനിക്കുന്നതാണ്. ഇത് ജനാധിപത്യത്തിന് ചേർന്നതല്ല. - കർദിനാൾ പറഞ്ഞു. എല്ലാ നിയമങ്ങളും അത് സഭയുടേതായാലും സിവിൽ ഗവൺമെന്റിന്റേതായാലും ദൈവത്തിന്റെ സ്വാഭാവിക നിയമത്തിനും പൊതു നന്മയ്ക്കും പൊതുവായ ധാർമികതയ്ക്കും വിരുദ്ധമാകാൻ പാടില്ല. ഭാരതത്തിലെ 99 ശതമാനം ആളുകളും ഈശ്വര വിശ്വാസികളാണെന്ന് ഓർക്കണമെന്നും കർദിനാൾ പറഞ്ഞു. ജീവനെ അമൂല്യമായി കാണുന്നതിനാലാണ് കത്തോലിക്കാ സഭ ദയാവധം, ആത്മഹത്യ, ഭ്രൂണഹത്യ ഉൾപ്പെടെയുള്ള കാര്യങ്ങളെ എതിർക്കുന്നത്. സഭയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് കാനോൻ നിയമത്തിൽ വ്യക്തമായ അനുശാസനങ്ങളുണ്ട്. അതിനാൽ സർക്കാർ കൊണ്ടു വരുന്ന പുതിയ നിയമങ്ങൾക്ക് ന്യായമില്ല. മറ്റു സംഘടനകളെ പോലെ തന്നെ കത്തോലിക്കാ സഭ എല്ലാ വരവു-ചെലവു കണക്കുകളും സർക്കാരിനെ ഏൽപ്പിക്കുന്നുണ്ട്. അപ്പോൾ സഭയ്ക്ക് ട്രസ്റ്റ് രൂപീകരിക്കാൻ കേരള സർക്കാർ നടത്തുന്ന നീക്കങ്ങളുടെ അർഥം മനസിലാകുന്നില്ല- കർദിനാൾ പറഞ്ഞു. ജനക്ഷേമമെന്ന വ്യാജേന സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്ന ചില നടപടികൾ ഞെട്ടലുളവാക്കുന്നതാണെന്നു ചടങ്ങിൽ പങ്കെടുത്ത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. അധാർമികവും ഹിംസാത്മകവും വ്യക്തി സ്വാതന്ത്ര്യങ്ങളെ ഹനിക്കുന്നതും നിരാശ വളർത്തുന്നതുമാണ് സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്ന നിയമ പരിഷ്ക്കരണ സമിതി ശിപാർശകളെന്ന് അദ്ദേഹം പറഞ്ഞു.

**02. മാധ്യമങ്ങൾ ശബ്ദമില്ലാത്തവരുടെ ശബ്ദമാകണം: ആർച്ച് ബിഷപ് ഡോ.അച്ചാരുപറമ്പിൽ (22-2-2009)**

ശബ്ദമില്ലാത്തവരുടെ ശബ്ദമായി പ്രവർത്തിക്കാനുള്ള കടമ മാധ്യമങ്ങൾക്കുണ്ടെന്നു വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പറഞ്ഞു.ഇന്ത്യൻ കത്തോലിക് പ്രസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്രിസ്ത്യൻ ജേർണലിസ്റ്റുകളുടെ ദേശീയ സമ്മേളനം കലൂർ റിന്യൂവൽ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മനുഷ്യബന്ധങ്ങളെ ശാക്തീകരിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് വലുതാണ്. സമൂഹത്തെ ഏത് രീതിയിലേക്ക് നയിക്കുന്നതിലും മാധ്യമങ്ങളുടെ സ്വാധീനം കാണാൻ കഴിയും. ഭീകരവാദം എന്ന വിഷവിത്ത് നാടുമുഴുവൻ പടർന്നു പിടിക്കുന്ന ഈ സാഹചര്യത്തിൽ സമാധാനത്തിന്റെയും സൗഹാർദത്തിന്റെ സന്ദേശം നൽകാൻ മാധ്യമങ്ങൾക്ക് കഴിയണമെന്ന് ആർച്ച് ബിഷപ് പറഞ്ഞു. ബേബിച്ചൻ എഴുതിയ 'ജീവിതം പ്രതിസന്ധിയിലോ' എന്ന പുസ്തകത്തിന്റെ പ്രകാശനം ആർച്ച് ബിഷപ് നിർവഹിച്ചു.

**03. ക്രിസ്തുവിലൂടെയുള്ള വീക്ഷണത്തിൽ എക്യുമെനിക്കൽ ദർശനം പൂർണമാകും: മാർ ക്ലീമിസ് കാതോലിക്കാ ബാവ (19-2-2009)**

ലോകത്തെ ക്രിസ്തുവിന്റെ ദർശനത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലൂടെയാണ് എക്യുമെനിസം പൂർണമാകുന്നതെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മാരാമൺ കൺവൻഷനിൽ നടന്ന എക്യുമെനിക്കൽ യോഗത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്നു പഠിപ്പിച്ച യേശുക്രിസ്തു ലോകത്തെ എങ്ങനെ കണ്ടുവോ അതേ വീക്ഷണത്തിൽ മറ്റുള്ളവരെ കാണാൻ കഴിയുന്ന രൂപാന്തരീകരണത്തെ എക്യുമെനിസമെന്നു വിശേഷിപ്പിക്കാമെന്നു കാതോലിക്കാ ബാവ പറഞ്ഞു. പഴയ നിയമത്തിൽ മുൾപ്പടർപ്പുകൾക്കു നടുവിലും, ചെങ്കടൽ കടക്കുമ്പോഴുമൊക്കെ സാന്നിധ്യം അറിയിച്ച ദൈവം പുതിയ നിയമത്തിൽ ആളുകളിലൂടെയാണ് ലോകത്തിൽ ഇടപെട്ടത്. ഈ ഘട്ടത്തിന്റെ അവസാനത്തിൽ തന്റെ ഏകജാതനിലൂടെ സംസാരിക്കുകയും ചെയ്തു. ഇവിടെയെല്ലാം ബോധ്യമാകുന്നത് ദൈവിക സാന്നിധ്യമാണ്. ദൈവം നമ്മോടുകൂടെയെന്ന സന്ദേശം പഴയനിയമ, പുതിയ നിയമ കാലഘട്ടങ്ങളിൽ ലോകത്തിനു ബോധ്യപ്പെടുത്തി നൽകിയിരിക്കുന്നു.വ്യത്യസ്തതയിലും ഒന്നിച്ചു പോകാൻ കഴിയുന്ന നാനാത്വത്തിൽ ഏകത്വമെന്ന സംസ്കാരത്തിനുടമകളാണ് ഭാരതീയർ. ഇതേ സംസ്കാരം സഭകളും ഉൾക്കൊള്ളാൻ തയാറാകണം. യേശുക്രിസ്തു കാട്ടിത്തന്ന ജീവിതത്തിനു വിരുദ്ധമായ സമീപനം ഒരു സഭയ്ക്കും സ്വീകരിക്കാൻ സാധ്യമല്ല. യുഗാന്ത്യത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ടെന്നുള്ളതാണ് യേശു നൽകിയ സന്ദേശം. താൻ സ്നേഹമാകുന്നുവെന്നും പ്രഘോഷിക്കപ്പെടുന്നു. ലോകത്തെ ന്യായം വിധിക്കാനെത്തുന്നവൻ പറയുന്നതാകട്ടെ ധൈര്യപ്പെടുവീൻ ഞാൻ ലോകത്തെ ജയിച്ചുവെന്നതാണ്. ഈ ധൈര്യപ്പെടുത്തൽ സഭകളുടെ ഐക്യത്തിനും, അതുവഴി ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുന്നതിനും കാരണമാകേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യനിർമിത മതിൽക്കെട്ടുകൾ തകർത്ത് ഐക്യത്തിന്റെ ആത്മാവിനെ ഉൾക്കൊള്ളാൻ സഭകൾക്കു കഴിയണമെന്ന് ദേശീയ സഭാ കൗൺസിൽ പ്രസിഡന്റ് ബിഷപ് താരാനാഥ് എസ്.സാഗർ മുഖ്യപ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചു. യേശുക്രിസ്തുവിൽ സഭാ മക്കൾ എല്ലാവരും ഒന്നാണെന്ന ബോധ്യം ഉണ്ടാക്കിയെടുക്കുക, ഇതിലൂടെ ദൈവം ഏല്പിച്ച കടമകൾ നിർവഹിക്കുക. പ്രതിസന്ധികളെ കുരിശിലെ ആയുധമായ സ്നേഹം കൊണ്ട് നേരിടുകയും ചെയ്യണം. സങ്കുചിതമായ താത്പര്യങ്ങൾക്ക് എക്യുമെനിസത്തിൽ സ്ഥാനമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**04. പി.ഒ.സിയുടെ സേവനങ്ങൾ മഹത്തരം: ബിഷപ് ഡോ.ചേനപ്പറമ്പിൽ (17-2-2009 )**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമെന്ന നിലയിൽ സീറോ മലബാർ, ലത്തീൻ, മലങ്കര സഭകളെ ഐക്യത്തിൽ നിലനിറുത്താൻ പി.ഒ.സി നിർവഹിക്കുന്ന സേവനങ്ങൾ മഹത്തരമാണെന്ന് കെ.സി. ബി.സി. യുടെ മുൻ ജനറൽ സെക്രട്ടറിയും ആലപ്പുഴ രൂപത മുൻ മെത്രാനുമായ ബിഷപ് പീറ്റർ എം. ചേനപ്പറമ്പിൽ. പി.ഒ.സി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

മനുഷ്യ ശരീരത്തിലെ നാഡീവ്യൂഹങ്ങൾ പോലെ കേരള കത്തോലിക്കാസഭയിലെ സിരാകേന്ദ്രമാണ് പി.ഒ.സി 1968 മുതൽ കേരള കത്തോലിക്കാസഭയ്ക്ക് ദിശാബോധവും അജപാലന നേതൃത്വവും നല്കിയ പി.ഒ.സി കത്തോലിക്കാ സഭയ്ക്കു മാത്രമല്ല കേരള സമൂഹത്തിന് പൊതുവായും നിരവധി മേഖലകളിൽ സേവനങ്ങൾ നല്കിയിട്ടുണ്ടെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. ചടങ്ങിൽ കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറിയും പി.ഒ.സി.യുടെ ഡയറക്ടറുമായ റവ.ഡോ.സ്റ്റീഫൻ ആലത്തറ അധ്യക്ഷനായിരുന്നു. പി.ഒ.സിയുടെ 2008-ലെ വാർഷിക റിപ്പോർട്ട് ബുക്ക് ചടങ്ങിൽ ബിഷപ് പ്രകാശനം ചെയ്തു. സത്യദീപം വാരിക ഏർപ്പെടുത്തിയ കർദ്ദിനാൾ മാർ ആന്റണി പടിയറ മാധ്യമ അ വാർഡ് ജേതാവായ ആന്റണി ചടയംമുറിയെ യോഗം അനുമോദിച്ചു.

### 05. മനുഷ്യരുടെ വേദന തൊട്ടറിഞ്ഞ സമൂഹം എം.എസ്.ടി: മാർ കല്ലറങ്ങാട്ട് (23-2-2009)

മാർ തോമ്മാശ്ലീഹ ഈശോയുടെ തിരുമുറിവിൽ തൊട്ടു ചൈതന്യം ഉൾക്കൊണ്ടതു പോലെ മനുഷ്യരുടെ വേദന തൊട്ടറിഞ്ഞ് അതിൽ നിന്നു പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് സമൂഹമാണ് എം.എസ്.ടി സഭയെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. എം.എസ്.ടി സഭയുടെ 41-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. വയലിൽ പിതാവ് പ്രാർഥിച്ചു കണ്ടെത്തിയ അമൂല്യ നിധിയാണ് സെന്റ് തോമസ് മിഷനറി സൊസൈറ്റിയെന്നും അദ്ദേഹം പറഞ്ഞു. 40 വർഷം കൊണ്ട് ഇത്രയധികം വളർച്ച പ്രാപിച്ച മറ്റൊരു പ്രേഷിത സമൂഹം ഇല്ല. കേരളത്തിന്റെ വെളിയിൽ മിഷൻ പ്രവർത്തനം ആരംഭിക്കുവാൻ എം.എസ്.ടി സമൂഹം ചെയ്ത സേവനങ്ങൾ കേരള സഭയിലെ എല്ലാ മെത്രാൻമാരും അംഗീകരിക്കും. ഭാരതസഭയ്ക്ക് എം.എസ്.ടി സമൂഹം നൽകിവരുന്ന സംഭാവനകളെ അദ്ദേഹം അഭിനന്ദിച്ചു. ദിവ്യബലിക്ക് ശേഷം തോമ്മാശ്ലീഹായുടെ ഐക്കണും കലണ്ടറും പിതാവ് പ്രകാശനം ചെയ്തു.

### 06. അർപ്പണബോധവും കഠിനാധ്വാനവും യുവതലമുറയെ ഉയരങ്ങളിലെത്തിക്കും: മാർ ജേക്കബ് മനത്തോടത്ത് (21-2-2009)

അർപ്പണബോധവും കഠിനാധ്വനവും യുവതലമുറയെ ഉയരങ്ങളിലെത്തിക്കുമെന്ന് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. വള്ളിയോട് സെന്റ് മേരീസ് ഐ.ടി.സി വാർഷികാഘോഷവും പുതിയ കോഴ്സുകളുടെ ഉദ്ഘാടനവും സ്ഥലംമാറിപോകുന്ന ഐ.ടി.സി ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിലിന് യാത്രയയപ്പും നല്കി പ്രസംഗിക്കുകയായിരുന്നു ബിഷപ്. വളരാനുള്ള സാധ്യതകൾ എല്ലാവർക്കും ലഭിക്കുന്നു. എന്നാൽ ഒരു സ്ഥാപനത്തിലോ ജോലിസ്ഥലത്തോ തത്സ്ഥിതി നിലനിർത്തി പ്രവർത്തിച്ചാൽ പുരോഗതിയുണ്ടാകില്ല. മറിച്ച് ദീർഘവീക്ഷണത്തോടും ക്രാന്തദർശനത്തോടും കൂടെ സാധ്യതകൾ പ്രയോജനപ്പെടുത്തുമ്പോൾ ഉയരങ്ങൾ കീഴടക്കാനാകും. സമ്പത്തിക മാന്ദ്യത്തിന്റെ കാലത്തും കഠിനാധ്വാനികളെ കമ്പനികൾ പിരിച്ചുവിടുമെന്ന് തോന്നുന്നില്ല. യുവജനങ്ങൾ ഒരു ജോലിയിൽ പ്രവേശിക്കുമ്പോൾ ജോലി തൃപ്തികരമായി ചെയ്തുകൊണ്ട് മുന്നോട്ടുപോകണം. എന്നാൽ കൂടുതൽ ക്രിയാത്മകമായി പ്രവർത്തിച്ച് സ്ഥാപനത്തെ ഉയർത്തണമെന്ന ലക്ഷ്യം നമുക്ക് ഉണ്ടായാൽ ജീവിതത്തിലും നാം വിജയം നേടും. വള്ളിയോട് ഐ.ടി.സിയിലൂടെ ആയിരക്കണക്കിന് കുട്ടികൾ ജോലി നേടുകയും കുടുംബങ്ങളിൽ സാമ്പത്തികഭദ്രത കൈവരികയും ചെയ്തു. ഇത് ഈ സ്ഥാപനത്തിലെ എല്ലാവരുടെയും കൂട്ടായ പരിശ്രമംകൊണ്ടാണ്- ബിഷപ് പറഞ്ഞു.

### 07. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മനുഷ്യത്വവും സംസ്കാരവും വളർത്തണം: ഡോ. ദിവന്നാസിയോസ് മെത്രാപ്പോലീത്ത (22-2-2009)

ക്രിസ്തീയ സഭ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് മനുഷ്യത്വവും സംസ്കാരവുമുള്ള സമൂഹത്തെ വാർത്തെടുക്കാൻ വേണ്ടിയാണെന്നും അത്തരം സമൂഹം സഭയുടെ മുതൽകൂട്ടാണെന്നും ബത്തേരി രൂപതാധ്യക്ഷൻ ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. പുൽപ്പള്ളി സെന്റ് ജോർജ് എൽ.പി,യു.പി സ്കൂളുകളുടെ രജതജൂബിലി സമാപനത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. വിദ്യാഭ്യാസമെന്നത് മനുഷ്യത്വത്തേയും സംസ്കാരത്തെയും വികസിപ്പിക്കുന്നതാകണം. സാക്ഷരതയുണ്ടെങ്കിലും സംസകാരമില്ലെങ്കിൽ പ്രയത്നം വെറുതെയാകും. സംസ്കാരമുള്ള ഒരു സമൂഹത്തിൽ ആത്മഹത്യയും സ്വാർഥതയും അഴിമതിയും മൂല്യച്യുതിയൊന്നുമുണ്ടാകില്ല.

ഇത് അവകാശപ്പെടുന്ന സംസ്ഥാനത്ത് ഇതൊക്കെയാണ് അടുത്തിടെ കാണുന്നത്. വിനയമുള്ള വിവേകശാലികളെയാണ് നമുക്ക് ആവശ്യം. കുടിയേറ്റകാലത്ത് വിവേകവും വിശ്വാസവും വേണ്ടുവോളമുണ്ടായിരുന്നു. സൗകര്യങ്ങൾ വർധിക്കുമ്പോൾ ദൈവത്തെ തള്ളിപ്പറയുന്നതും നിന്ദിക്കുന്നതും ഫാഷനായി മാറിയിട്ടുണ്ട്. ഇതിന്റെ പേരിൽ മൂല്യങ്ങളെ മറന്നാൽ രക്ഷപ്പെടാൻ വലിയ വിഷമമാണ്. സ്നേഹിക്കുവാനും വിഷമങ്ങൾ പങ്കുവെക്കാനും പൊതുസ്വത്ത് സൂക്ഷിച്ച് കൈകാര്യം ചെയ്യുവാനും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും കഴിയുന്നവർക്കുമാത്രമേ അസ്വസ്ഥകളും ആകുലതകളും ഇല്ലാതാകുകയുള്ളുവെന്ന് ബിഷപ് കൂട്ടിച്ചേർത്തു. വിദ്യാഭ്യാസം വിദ്യാർഥികൾക്ക് മാത്രമല്ല.സമൂഹത്തിനും അധ്യാപകരും രക്ഷിതാക്കളും വിദ്യാർഥികളും ചേർന്നുള്ള കൂട്ടായ്മയാണെന്നും അധ്യക്ഷത വഹിച്ച രൂപത വികാരി ജനറാൾ മോൺ. ഡോ. എൽദോ പുത്തൻകണ്ടത്തിൽ പറഞ്ഞു.

### 08. സ്നേഹം പകർന്നു നല്കൽ ക്രൈസ്തവ സമൂഹത്തിന്റെ ലക്ഷ്യം: ഡോ. വർഗീസ് ചക്കാലക്കൽ

(21-2-2009)

ക്രൈസ്തവ സമൂഹം സ്കൂളുകളും ആശുപത്രികളും കുഷ്ഠരോഗ പരിചരണവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ദൈവത്തിന്റെ സ്നേഹം മറ്റുള്ളവർക്കു പകർന്നു കൊടുക്കുന്നതിനാണെന്ന് കണ്ണൂർ രൂപതാ ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ. തലശേരി ഹോളി റോസറി ദേവാലയത്തിന്റെ ഒരു വർഷം നീണ്ടു നില്ക്കുന്ന നാനൂറാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ സ്നേഹം പകർന്നു കൊടുക്കാത്ത ഒരു സ്ഥാപനവും ക്രൈസ്തവ സ്ഥാപനമാണെന്ന് പറയാൻ കഴിയില്ല. സ്നേഹം ആത്മ സമർപ്പണവും ആത്മത്യാഗവുമാണ്. മനുഷ്യർ ദൈവത്തിന്റെ സ്നേഹം സ്വീകരിച്ച് മറ്റുള്ളവർക്ക് അതു പകർന്നു നല്കുമ്പോൾ സമൂഹത്തിൽ അക്രമവും അനീതിയും ഭീകരവാദവും പട്ടിണിയുമൊന്നും ഉണ്ടാവില്ല. സ്നേഹിക്കുമ്പോൾ പരസ്പരം പങ്കുവയ്ക്കപ്പെടും. അപ്പോൾ പാവപ്പെട്ടവൻ ഉണ്ടാവില്ലെന്നും ബിഷപ് പറഞ്ഞു. ആറ്റം ബോംബു കൊണ്ടോ സാമ്പത്തിക പുരോഗതി കൊണ്ടോ രാജ്യത്തെ നന്നാക്കാൻ കഴിയില്ല. എത്ര വലിയ പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ ഉണ്ടായാലും മനുഷ്യ മനസ് നല്ലതല്ലെങ്കിൽ ഒരു സമൂഹത്തിനും ഒന്നും ചെയ്യാൻ കഴിയില്ല. അക്രമങ്ങളുടെ ഉറവിടം തന്നെ മനുഷ്യ മനസാണ്. തലശേരിയിലെ ഓരോ മുക്കിലും പട്ടാളത്തെ വിന്യസിച്ചാൽ പോലും ഇനിയൊരു അക്രമമുണ്ടാവില്ലെന്ന് പറയാൻ പറ്റില്ല. അക്രമം അവസാനിക്കണമെങ്കിൽ എല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന ബോധമുണ്ടാകണം. ക്രൈസ്തവ സമൂഹത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ സ്നേഹത്തിന് സാക്ഷ്യം നല്കുക എന്നതാണെന്നും ഡോ. വർഗീസ് ചക്കാലക്കൽ പറഞ്ഞു.